# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.865

01.03.2017 ന് മറുപടിയ്ക്ക്.

## വനപ്രദേശത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് വനപ്രദേശത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ നിലവിൽ ഏതു വിധത്തിലാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) വനസംരക്ഷണം, വനപരിപാലനം, തോട്ടങ്ങളുടെ പരിപാലനം, അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾ, ചെറുകിട മരാമത്ത് പണികൾ എന്നിവ കൺവീനർമാർ മുഖേന ചെയ്തുവരുന്നു. എന്നാൽ തോട്ടങ്ങളുടെ അടച്ചുമുറി, വൻകിട മരാമത്ത് പണികൾ, വൈദ്യുത കമ്പിവേലി നിർമ്മാണം എന്നിങ്ങനെ വലിയ പണച്ചെലവും വൈദഗ്ധ്യവും ആവശ്യമായ പ്രവർത്തികൾ ടെണ്ടർ വ്യവസ്ഥയിൽ കരാറുകാർ മുഖാന്തിരം ചെയ്തു വരുന്നു. |
| (ബി) ഓരോ ഫോറസ്റ്റ് റേഞ്ചിനു കീഴിലും നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സ്ഥിരമായും വർഷങ്ങളായും ഒരേ കൺവീനർ തന്നെ തുടരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കൺവീനർക്കും അഴിമതി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) വർഷങ്ങളായി പ്രാഥമിക വിദ്യാഭ്യാസം പോലും ഇല്ലാത്ത കൺവീനർമാരെ ഉദ്യോഗസ്ഥർ പറ്റിച്ച് പണം കൈക്കലാക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിലേക്കായി കൺവീനർമാരെ പ്രദേശത്തെ ബെനിഫിഷ്യറി മീറ്റിങ്ങിൽ കൂടിയാലോചന നടത്തി കാലാകാലങ്ങളിൽ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാമോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | (ഡി) കൺവീനർ സിസ്റ്റത്തിൽ തൊഴിലാളികളിൽ ഒരാളെയാണ് കൺവീനറായി തെരഞ്ഞെടുക്കുന്നത്. വനസംരക്ഷണ പ്രവർത്തനങ്ങളിലും തോട്ടം പരിപാലന പ്രവർത്തികളിലുമുള്ള വൈദഗ്ധ്യത്തെ അടിസ്ഥാനമാക്കിയാണ് കൺവീനറെ തെരഞ്ഞെടുക്കുന്നത്. കൺവീനർക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നില്ല. ഏതെങ്കിലും പ്രദേശത്ത് കൺവീനർമാരെ ഉദ്യോഗസ്ഥർ പറ്റിച്ച് പണം കൈക്കലാക്കുന്ന സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ